**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4813** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ യുവജനങ്ങൾക്കായി തൊഴിൽ സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | യുവജനക്ഷേമ ബോർഡിന്റെ പ്രധാനപദ്ധതികളിലൊന്നായ അവളിടം ക്ലബ്ബ് എന്ന പദ്ധതി പ്രകാരം വനിതകൾക്ക് തയ്യൽ പരിശീലനം. കേക്ക് നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, പേപ്പർബാഗ് നിർമ്മാണം, വീഡിയോ എഡിറ്റിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം, ഭിന്നശേഷി കുട്ടികളെ പരിചരിക്കുക, കൂൺകൃഷി, മെഴുകുതിരി നിർമ്മാണം, ഗാർഡനിംഗ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച യുവതികളിൽ പലരും സ്വന്തമായി തൊഴിൽ ചെയ്യുന്നുണ്ട്. "എന്റെ തൊഴിൽ എന്റെ അഭിമാനം" എന്ന പദ്ധതിയുടെ ഭാഗമായി കേരള നോളെജ് ഇക്കോണമി മിഷൻ യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടുകൂടി സ്റ്റെപ്പ് അപ് രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് യുവതീ യുവാക്കൾക്ക് പരിശീലനം നൽകിയിരുന്നു.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ, യുവജനങ്ങൾക്കുള്ള ക്ഷേമം കണക്കിലെടുത്ത് കമ്മീഷൻ നിരവധി പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കമ്മീഷന്റെ ചുമതലകളുടെ നിർവഹണത്തിന്റെ ഭാഗമായി തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കണ്ടെത്തുന്നതി നായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. ഈ പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ നിരവധി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി വിവിധ ഇടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 66 കമ്പനികളും 2360 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 408 പേർക്ക്ജോലി ലഭ്യമാകുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം വിവിധ ഇടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 209 തൊഴിൽ |

| | | | |
|---|---|---|---|
| | | | ദാതാക്കളും 4835 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 984 പേരെ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി വിവിധ ഇടങ്ങളിൽ നടത്തിയ ജോബ് ഫെസ്റ്റുകളിലായി ആകെ 202 തൊഴിൽ ദാതാക്കളും 5800 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 855 പേരെ സെലക്ട് ചെയ്യുകയും ചെയ്തിരുന്നു. ഈ സാമ്പത്തിക വർഷം കമ്മീഷന്റെ പദ്ധതി വിഹിതം 50% ആയി കുറച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതി ഈ വർഷം ഒരു ജില്ലയിൽ മാത്രമേ സംഘടിപ്പിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതി 2025 മാർച്ച് മാസത്തിൽ കോട്ടയം ജില്ലയിൽ സംഘടിപ്പിക്കും.<br><br>**Content creators-നുള്ള വർക്ക് ഷോപ്പ്**<br><br>ഈ സാമ്പത്തിക വർഷം Bridging Dots Media solutions pvt എന്ന സ്ഥാപനവുമായി സഹകരിച്ച് content creators നുള്ള ഒരു ഏകദിന വർക്ക് ഷോപ്പ് സംഘടിപ്പിച്ചത് വഴി ഈ മേഖലയിൽ കടന്നു വരുന്ന പുതിയ തൊഴിൽ സംരംഭകർക്ക് ആവശ്യം വേണ്ട പരിശീലനം നൽകി. |
| (ബി) | യുവജനങ്ങളുടെ ഉന്നമനത്തിനായി എന്തൊക്കെ സെമിനാറുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | യുവജനങ്ങളുടെ ഉന്നമനത്തിനായി യുവജനക്ഷേമ ബോർഡ് വിവിധ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവാഹപൂർവ്വ കൗൺസിലിംഗ്, സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങൾ തടയുന്നതിന് ബോധവൽക്കരണ സെമിനാറുകൾ, ലഹരിവരുദ്ധ സെമിനാറുകൾ, ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തിൽ മാലിന്യ നിർമാർജ്ജനം ചെയ്യുന്നത് സബന്ധിച്ച് യുവതീ - യുവാക്കളെ ബോധവാന്മാരാ ക്കുന്നതിനായുള്ള സെമിനാറുകൾ, യുവജനക്ഷേമ ബോർഡിന്റെ യുവശക്തി പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തല യൂത്ത് കോ-ഓർഡിനേറ്റർമാർ, ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ, ടീം കേരള - അവളിടം സംസ്ഥാന കോ-ഓർഡിനേറ്റർമാർ, മുൻസിപ്പാലിറ്റി-കോർപ്പറേഷൻ കോ-ഓർഡിനേറ്റർമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർ, സ്പെഷ്യൽ ഓഫീസർ, സംസ്ഥാന - ജില്ലാ ഓഫീസ് ജീവനക്കാർ എന്നിവർക്ക് പദ്ധതി നിർവ്വഹണം, വിവിധ പരിപാടികളുടെ സംഘാടനം തുടങ്ങിയവയിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന നടത്തിവരുന്ന സെമിനാറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>ദേശീയ സെമിനാറുകൾ |

യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിലും അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേയ്ക്കും ആവശ്യമായ അവബോധം ഉണ്ടാക്കുന്നതിലേക്കുമായാണ് കമ്മീഷൻ നാഷണൽ സെമിനാർ സംഘടിപ്പിക്കുന്നത്. വിവിധ മേഖലകളിൽ പെട്ട വിദഗ്ധന്മാരുടേയും, യുവജനങ്ങളുടേയും കാഴ്ചപ്പാടുകൾ മനസ്സിലാക്കുന്നതിനും, കമ്മീഷന്റെ തുടർ പ്രവർത്തനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനും, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാനത്തെ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാണ് ദേശീയ സെമിനാർസംഘടിപ്പിക്കുന്നത്. സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് യുവജനങ്ങളുടെ മാനസികവും സാമൂഹികവുമായ വികാസത്തിനു വേണ്ട, ഏറ്റവും അടിസ്ഥാനപരമായ ധാരണകൾ സ്വരൂപിക്കാനും വ്യക്തിയുടെയും സമൂഹത്തിന്റെയും മാനസിക ആരോഗ്യത്തെയും ആനന്ദത്തെയും സംബന്ധിച്ച വസ്തുതകളെ ശാസ്ത്രീയമായും രാഷ്ട്രീയമായും വിശകലനം ചെയ്യാനും സാധിക്കുന്നതാണ്.

2021-22 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി 20.11.2021 ന് “Reproductive Choice of Women, a Fundamental Right“ എന്ന വിഷയത്തിൽ മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോയും യുവജന കമ്മീഷനും സംയുക്തമായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു.

2022 മാർച്ച് 17 ന് തിരുവനന്തപുരം, കെറ്റിഡിസി മാസ്കറ്റ് ഹോട്ടലിൽ വെച്ച് 'Rebuilding the youth – Kerala towards a knowledge society' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു . 75 തെരഞ്ഞെടുക്കപ്പെട്ട ഡെലിഗേറ്റ്സ് ടി സെമിനാറിൽ പങ്കെടുത്തു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി ദേശീയ സെമിനാറിന്റെ കർട്ടൻ റെയ്സർ 2023 ജനുവരി 14 ന് കൊല്ലത്ത് വച്ച് സംഘടിപ്പിച്ചു. ഹവാന സർവ്വകലാശാലയിലെ എക്കണോമിക്സ് പ്രൊഫസറായ ഡോ. എസ്തഫാനിയ ഗുവേര ടി പരിപാടിയിൽ മുഖ്യ അതിഥിയായി പങ്കെടുത്തു. ദ്വിദിന ദേശിയ യുവജന സെമിനാർ 2023 ജനുവരി 13,14 തീയതികളിൽ കൊല്ലം, തേവള്ളി ജലദർശിനി ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| | | | 'ഓൾട്ടർനേറ്റീവ്, റെസിസ്റ്റൻസ്, യൂത്ത്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ ദേശീയ, അന്തർദേശീയ വ്യക്തിത്വങ്ങൾ ക്ലാസുകൾ നയിച്ചു. സാംസ്കാരിക യുവജനകാര്യവകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ സെമിനാർ ഉദ്ഘാടനം ചെയ്തു. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജന കമ്മീഷൻ 'യൂത്ത് എംപവർമെന്റ്, മെന്റൽ റിസീലിയൻസ്, ഹാപ്പിനസ്സ്: ചലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്" എന്ന വിഷയത്തിൽ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് ഒരു നാഷണൽ യൂത്ത് സെമിനാർ സംഘടിപ്പിച്ചു. രണ്ട് ദിവസങ്ങളിലായിതിരുവനന്തപുരം പ്രിയദർശിനി പ്ലാനറ്റോറിയം കോൺഫറസ് ഹാളിൽ നടത്തപ്പെട്ട ഈ ദേശിയ യുവജന സെമിനാർ ബഹു. കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം തിരുവനന്തപുരം ടെക്നോപാർക്കിൽ വെച്ച് 2025 മാർച്ച് 3, 4 തീയതികളിലായി Modern World of Work and Youth Mental Health എന്ന പേരിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചിച്ചു.<br><br><u>ജില്ലാതല സെമിനാറുകൾ</u><br><br>സ്ത്രീധനത്തിനെതിരെയും ലഹരിയ്ക്കെതിരെയും ഉള്ള ബോധവൽക്കരണ ക്യാമ്പെയിൻ/കലാജാഥ, നിയമപരമായ സഹായം, കൌൺസെലിംഗ്/ ഹ്രസ്വ ചിത്രമത്സരം എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും എല്ലാ വർഷവും വിവിധ വിഷയങ്ങളിൽ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ